ദേവികുളം–പീരുമേട് കാളനൈസേഷൻ പദ്ധതി.

* 829. [71] ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവികുളം–പീരുമേട് കാളനൈസേഷൻ പദ്ധതി പ്രകാരം ഇതുവരെ എത്ര ഏക്കർ സ്ഥലം കുടികിടപ്പുകാർക്കായി കൊടുത്തിട്ടുണ്ട് ;

(ബി) ഇതുവരെ കുടിയേറിത്താമസിച്ചവർ എത്ര ;

(സി) ഇനിയും എത്ര ഏക്കർ സ്ഥലം ഭൂമിരഹിതർക്കായി കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ട് ;

(ഡി) കർഷക സഹകരണസംഘങ്ങൾക്ക് ആയി ഭൂമി പതിച്ചുകൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) 3711.

(ബി) 359.

(സി) ഉദ്ദേശം 43,000 ഏക്കർ.

(ഡി) ഇല്ല.

ആയുർവ്വേദ ഡി. എ. എം. കോഴ്സ്.

* 830. [72] ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുർവ്വേദകോളേജിൽ ഇന്നു നിലവിലുള്ള ഡി. എ. എം കോഴ്സ് നിറുത്തലാക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കാരണമെന്താണ് ;

(സി) പ്രസ്തുത കോഴ്സ് നിറുത്തൽ ചെയ്യുന്നതുകൊണ്ട് ആയുർവ്വേദവിദ്യാഭ്യാസപ്രചരണത്തിനു സാരമായ കുറവു സംഭവിക്കുമെന്നു ഗവണ്മെൻറിനു അറിയാമോ ;

(ഡി) ആയുർവ്വേദപഠനത്തിൻറെ പുരോഗതിയെ ലാക്കാക്കി പ്രസ്തുത തീരുമാനം പുനഃപരിശോധന ചെയ്യുവാൻ ദയവുണ്ടാകുമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ–ബി) ആയുർവ്വേദത്തെ രക്ഷിക്കുന്നതിനുവേണ്ടി ഡി. എ. എം. കോഴ്സ് നിറുത്തൽ ചെയ്യണമെന്നു നിശ്ചയം പാസ്സാക്കിയിട്ടുണ്ട്. അതു ഗവണ്മെൻറിൻറെ ആലോചനയിലിരിക്കുന്നു.

(സി) അറിവില്ല.

(ഡി) എ-യുടെ ഉത്തരംകൊണ്ടു ചോദ്യം ഉദിക്കുന്നില്ല.

AGRICULTURAL IMPLEMENTS.

* 831. [73] SHRI V. V. SEBASTIAN : Will the Minister for Health be pleased to state :

(a) the depots wherefrom agricultural implements at concessional rates are distributed to the agriculturists in the State ;

LIBRARY ARCHIVES Kerala Legislative Assembly